# മലമ്പുഴയിൽ നിയമം ലംഘിച്ച് ജലകേളീ കേന്ദ്രത്തിന് നീക്കം

സ്വന്തം ലേഖകൻ



ഫോട്ടോ ടി.ബി ശിവദാസ്

**പാ**ലക്കാട്: മലമ്പുഴ ജലായശത്തിൽ നിയമം ലംഘിച്ച് ജലകേളി കേന്ദ്രം ആരംഭിക്കുവാൻ ഒരു സ്വകാര്യ ഗ്രൂപ്പിന് അനുമതി നല്കാൻ സർക്കാർ തലത്തിൽ നടപടികൾ പുരോഗമിക്കുന്നു.

പ്രശസ്ത സിനിമാ നിർമാതാവ് അപ്പച്ചന്റെ 'നവോദയ' ഗ്രൂപ്പാണ് പദ്ധതിയുടെ അപേക്ഷകർ. മുഖ്യമന്ത്രിയുടെ പ്രത്യേക താത്പര്യപ്രകാരം പദ്ധതിക്കുവേണ്ട എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിക്കൊടുക്കാൻ അദ്ദേഹത്തിന്റെ ഓഫീസിൽനിന്നും വിവിധ സർക്കാർ വകുപ്പുകൾക്ക് നിർദേശം കിട്ടിക്കഴിഞ്ഞു.

ഇതേതുടർന്ന് ഒക്ടോബർ 25നും നവംബർ 24നും വിവിധ വകുപ്പുകളിലെ ഉന്നതോദ്യോഗസ്ഥരുടെ യോഗം നടക്കുകയുണ്ടായി. വനംവകുപ്പിന്റെയും ജലസേചന വകുപ്പിന്റെയും എതിർപ്പ് സമ്മർദങ്ങൾക്കു മുന്നിൽ ബലഹീനമായിരിക്കുകയാണ്.

മലമ്പുഴ ഡാമിന്റെ വലതുവശത്ത് കവ-ആനക്കൽ ഭാഗത്ത് നിയമവിരുദ്ധമായി അപ്പച്ചൻ സ്വന്തമാക്കിയിരിക്കുന്ന 60 ഏക്കർ ഭൂമിയിൽ അമ്യൂസ്മെന്റ് പാർക്കും ഇതോടനുബന്ധിച്ച് ജലാശയത്തിൽ വാട്ടർ പാർക്കും സ്ഥാപിക്കാനാണ് പദ്ധതി. 'പടയോട്ടം' എന്ന സിനിമയുടെ ചിത്രീകരണത്തിനുപയോഗിച്ച സ്ഥലമാണിത്. കുടിയേറ്റക്കാർക്ക് പട്ടയം കിട്ടിയ ഈ ഭൂമി കൈമാറാൻ പാടില്ല എന്നാണ് നിയമം. (വനഭൂമി കൈയേറിയതിനെതിരേ കോടതിയിൽ കേസുവന്നപ്പോൾ വാദിക്കാൻ വക്കീലിനെ വയ്ക്കാതെ വനം വകുപ്പ് കൈയേറ്റക്കാരുമായി ഒത്തുകളിക്കുകയാലാണ് ഈ ഭാഗത്ത് പലർക്കും പട്ടയം സമ്പാദിക്കാനായതെന്ന് പറയപ്പെടുന്നു). ഇതു ലംഘിച്ചാണ് അപ്പച്ചൻ ഭൂമി സ്വന്തമാക്കിയത്.

ഈ ഭൂമി സാങ്കേതികമായി ഇപ്പോഴും വനഭൂമിയാണെന്ന് വനംവകുപ്പിലെ ചീഫ് കൺസർവേറ്റർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

1989 ഏപ്രിൽ 26നാണ് മലമ്പുഴയിൽ 'കിഷ് കിന്ധ' അമ്യൂസ്മെന്റ് പാർക്കിന് അനുവാദം ചോദിച്ചുകൊണ്ട് നവോദയ സംസ്ഥാന സർക്കാരിന് അപേക്ഷ സമർപ്പിച്ചത് ജലാശയത്തിലെ 30 ഏക്കറും സമീപസ്ഥ ദ്വീപിലെ 10 ഏക്കറും ഇതിനായി വിട്ടുകൊടുക്കണമെന്നും അപേക്ഷയിൽ പറയുന്നു.

സി.പി.എമ്മിന്റെ പോഷക സംഘടനയായ കർഷകസംഘം അന്ന് ഈ പദ്ധതിക്കെതിരേ രംഗത്തുവന്നു. ഡാമിന്റെ നിലനില്പിനുതന്നെ ഈ പദ്ധതി ഭീഷണിയായിത്തീരുമെന്നും കർഷകസംഘം ചൂണ്ടിക്കാട്ടി.

പദ്ധതിയുടെ സാമ്പത്തിക വിജയത്തെക്കുറിച്ചുള്ള സംശയം കാരണം അപ്പച്ചൻ പിന്നീടേറെക്കാലം ഈ പദ്ധതി മാറ്റിനിർത്തി. ഇതിനിടെ ചെന്നൈയിൽ തുടങ്ങിയ 'കിഷ്കിന്ധ' വൻലാഭം കൊയ്യാൻ തുടങ്ങിയപ്പോൾ മലമ്പുഴ പദ്ധതിയിലേക്ക് വീണ്ടും ശ്രദ്ധ തിരിഞ്ഞു.

മുഖ്യമന്ത്രി ഇ.കെ.നായനാർ കഴിഞ്ഞവർഷം ചെന്നൈ സന്ദർശിച്ചപ്പോൾ അപ്പച്ചൻ 'കിഷ്കിന്ധ'യിലേക്ക് ക്ഷണിച്ചുകൊണ്ടുപോയി. ഈ സന്ദർശനത്തിനു തൊട്ടുപിന്നാലെയാണ് മലമ്പുഴയിലെ 'കിഷ്കിന്ധ' പദ്ധതിക്കായി സർക്കാർ തലത്തിൽ അതിദ്രുതം നീക്കങ്ങൾ തുടങ്ങിയത്.

99 ഒക്ടോബർ 25ന് തിരുവനന്തപുരത്ത് വിളിച്ചുചേർത്ത യോഗത്തിൽ മന്ത്രിയുടെ അസാന്നിധ്യത്തിൽ ടൂറിസം ഡയറക്ടറായിരുന്നു നേതൃസ്ഥാനത്ത്. പദ്ധതിക്കാവശ്യമായ വൈദ്യുതി നല്കാമെന്ന് വൈദ്യുതി വകുപ്പ് യോഗത്തിൽ ഉറപ്പു നല്കി. മറ്റു കാര്യങ്ങൾ എത്രയും വേഗം ശരിയാക്കാനും യോഗം ശുപാർശ ചെയ്തു.

പാലക്കാട് ജില്ലയിലെ 25,000 ഹെക്ടർ കൃഷിഭൂമിക്കും നിരവധി വ്യവസായ ശാലകൾക്കും നഗരസഭയ്ക്ക സമീപപഞ്ചായത്തുകൾക്കും ശ ജലം നല്കുന്നത് മലമ്പുഴ ജലാശയത്തിൽനിന്നാണ്. ജനങ്ങൾക്ക് കുടിവെള്ളം നല്കുന്ന ജലാശയത്തിലാണ് ബോട്ടിംഗിനും മറ്റു ആധുനിക ജലകേളികൾക്കും സർക്കാർ അനുവാദം നല്കാൻ പോകുന്നത്.

ദേശീയ സുരക്ഷാ നിയമപ്രകാരം അണക്കെട്ടുകൾ സംരക്ഷിത മേഖലയാണ്. ഇവിടെ സ്വകാര്യ വ്യക്തികളോ സ്ഥാപനങ്ങളോ നിർമാണ പ്രവർത്തനങ്ങൾ നടത്തുന്നത് നിയമവിരുദ്ധമാണ്.

1955ൽ നിർമിച്ച ഡാം പിന്നീടിന്നുവരെ അറ്റകുറ്റപ്പണികളൊന്നും നടത്താത്തതിനാൽ പലയിടത്തും ചോർന്നൊലിക്കുന്നുണ്ട്. ജലസംഭരണിയുടെ പത്തിൽ ഒന്നുഭാഗം ഇതിനകം നികന്നുപോവുകയും ചെയ്തു. മലബാർ സിമന്റ്സിൽ നിന്നുള്ള മാലിന്യങ്ങൾ ജലാശയത്തെ മലിനീകരിക്കുന്നതിൽ കാര്യമായ പങ്കുവഹിച്ചുകൊണ്ടിരിക്കുകയുമാണ്. ഇതിനിടയിലാണ് ഡാമിന്റെ വൃഷ്ടിപ്രദേശത്തുതന്നെ ഒരുവൻ സ്വകാര്യ പദ്ധതിക്ക് സർക്കാർ കൂട്ടുനിൽക്കുന്നത്.

പദ്ധതിക്കെതിരേ പാലക്കാട്ടെ കർഷകരും പരിസ്ഥിതി പ്രവർത്തകരും രംഗത്തിറങ്ങിക്കഴിഞ്ഞു. മലമ്പുഴ ഡാം സംരക്ഷണ സമിതി രൂപീകരിച്ച് ഇവർ സമരപരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

പണ്ട് പദ്ധതിക്കെതിരെ ശബ്ദമുയർത്തിയ കർഷകസംഘം ഇന്ന് നിശബ്ദരാണെന്നുള്ളത് ശ്രദ്ധേയമാണ്. അപ്പച്ചന്റെ പേരിൽ പദ്ധതിക്കുപിന്നിൽ ഒരു സിംഗപ്പൂർ കമ്പനിയാണ് ഉള്ളതെന്നും വരുന്ന നിയമസഭാ തെരഞ്ഞെടുപ്പിലേക്ക് സി.പി.എമ്മിന് നവോദയ ഗ്രൂപ്പ് വൻതുക സംഭാവന നല്കാമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ടെന്നുമുള്ള ആരോപണങ്ങളും ഉയർന്നിട്ടുണ്ട്.